# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 9, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

### ബജറ്റ് നികുതി നിർദ്ദേശങ്ങൾ

*1. ശ്രീ.സി.കെ സദാശിവൻ

,, സി.രവീന്ദ്രനാഥ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് നികുതി നിർദ്ദേശങ്ങളുടെ മറവിൽ കോഴ ഇടപാടുകൾ നടക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബജറ്റ് നിർദ്ദേശങ്ങൾ, കോഴ വാങ്ങാനുള്ള മാർഗ്ഗമാക്കി മാറ്റുന്നതായുള്ള ആക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയെ എത്രത്തോളം ഗുരുതരമായി ബാധിക്കുന്നതുമാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയോട് ആരെങ്കിലും നേരിട്ട് പരാതി പറഞ്ഞിട്ടുണ്ടോ; എങ്കിൽ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ധനമന്ത്രിയെ തൽ സ്ഥാനത്തുനിന്നും മാറ്റി നിർത്തി അന്വേഷണം നടത്താൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

## വിമാനത്താവളങ്ങളുടെ അന്താരാഷ്ട്ര ഹബ്ബ് നിർണ്ണയം

*2. ശ്രീ.സി.മോയിൻ കുട്ടി

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മമ്മൂട്ടി

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങളുടെ അന്താരാഷ്ട്ര ഹബ്ബ് നിർണ്ണയത്തിൽ സംസ്ഥാനത്തെ ഒരു വിമാനത്താവളത്തെപ്പോലും ഉൾപ്പെടുത്താത്ത സാഹചര്യം ഏതുവിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണത്തിലും, വിദേശപണം രാജ്യത്ത് കൊണ്ടുവരുന്ന കാര്യത്തിലും മുൻപന്തിയിലുള്ള കേരളത്തിലെ വിമാനത്താവളത്തെ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച മാനദണ്ഡത്തിൽ ഏതെങ്കിലും നമ്മുടെ അവസരം നഷ്ടപ്പെടുത്താൻ ഇടയാക്കിയിട്ടുണ്ടോ; എങ്കിൽ ആവശ്യമായ പരിഹാരനടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

## ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

*3. ശ്രീമതി.ഗീതാ ഗോപി

ശ്രീ.പി.തിലോത്തമൻ

,, ഇ.കെ.വിജയൻ

,, മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ തൊഴിൽരഹിതരാകുന്ന മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും സംബന്ധിച്ച് സ്ഥിതിവിവര കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം വരുമെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശയാനങ്ങൾക്കൊപ്പം സംയുക്ത സംരംഭകർക്കും റിപ്പോർട്ടിൽ അനുമതി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംയുക്ത സംരംഭകർക്കാണ് അനുമതി ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽരഹിതരാകുന്ന മത്സ്യ-അനുബന്ധ തൊഴിലാളികളെ

പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചാലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## K.S.R.T.C യെ ലാഭത്തിലാക്കാൻ നടപടി

*4. ശ്രീ.ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ

,, കെ.അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) K.S.R.T.C യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) K.S.R.T.C യെ ലാഭത്തിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) K.S.R.T.C യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുമ്പോൾ എന്തെല്ലാം പരിഷ്കാരങ്ങളാണ് നിലവിൽ വരുന്നതെന്ന് വിശദമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

*5. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, പി.സി. ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ ടെൻഡർ സമർപ്പിക്കാൻ യോഗ്യത നേടിയ കമ്പനികൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി പൊതുമേഖലയിൽ ആരംഭിക്കുന്നതിനുള്ള സാധ്യത എത്രത്തോളമുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

## ജനമൈത്രി പോലീസ് പദ്ധതി

*6. ശ്രീ.ഷാഫി പറമ്പിൽ

,, ഡൊമിനിക് പ്രസന്റേഷൻ

,, അൻവർ സാദത്ത്

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി എന്തെല്ലാമെന്നു വിശദീകരിക്കുമോ?

## ദേശീയ ഗെയിംസ് നടത്തിപ്പിലെ ക്രമക്കേടുകൾ

*7. ശ്രീ.കെ.രാജു

,, സി.ദിവാകരൻ

,, വി.ശശി

,, ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്, സി.ബി.ഐ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിലുള്ള വിവരശേഖരണമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഗെയിംസ് നടത്തിപ്പിൽ ക്രമക്കേട് നടന്നതായി കാണിച്ച് ഇന്റലിജൻസ് ബ്യൂറോ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ഇന്റർനാഷണൽ ഹബ്ബുകളായി പരിഗണിക്കുന്ന വിമാനത്താവളങ്ങൾ

*8. ശ്രീ.എ. പ്രദീപ്കുമാർ

,, എം.എ.ബേബി

,, എസ്.ശർമ്മ

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും വിമാനത്താവളം ഇന്റർനാഷണൽ ഹബ്ബുകളായി പരിഗണിക്കുന്ന വിമാനത്താവളങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കരട് പട്ടികയിൽ കേരളത്തിലെ വിമാനത്താവളം ഉൾപ്പെടുത്താതെ പോയത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത് സംസ്ഥാനത്തിന്റെ വികസനത്തെയും യാത്രാനിരക്കിനെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം അറിയാമോ ;

(ഡി) വിമാന യാത്രക്കാർ അമിത യാത്രാനിരക്ക് നൽകേണ്ടിവരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ കരട് നയത്തിന്മേൽ സംസ്ഥാനം നൽകിയ പ്രതികരണം എന്തായിരുന്നു ; വിശദമാക്കാമോ ?

## സർക്കാരിന്റെ മദ്യനയം

*9. ശ്രീ.കെ.രാധാകൃഷ്ണൻ

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മദ്യനയം വികലവും അപ്രായോഗികവുമാണെന്ന് കണ്ടെത്തിക്കൊണ്ട് സുപ്രീംകോടതി സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അപ്പീൽ തള്ളിക്കൊണ്ടുള്ള സുപ്രീംകോടതി വിധിന്യായം സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പത്തു ബാറുകൾക്ക് ലൈസൻസ് നൽകണമെന്ന ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെതിരെ അപ്പീൽ പോകാൻ നിയമോപദേശം നൽകിയതാരായിരുന്നു; അഡ്വക്കേറ്റ് ജനറലിൽ നിന്നും ലഭിച്ച നിയമോപദേശം എന്തായിരുന്നു; അപ്പീൽ നൽകാനുള്ള തീരുമാനം സർക്കാരിന്റെ ഏത് തലത്തിലാണ് എടുത്തിരുന്നത്;

(സി) അപ്പീൽ ഹർജിയിൽ സുപ്രീംകോടതിയിൽ വാദം നടത്താൻ ഏത് വക്കീലിനെയായിരുന്നു സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്;വിശദമാക്കാമോ;

(ഡി) ബാർലൈസൻസ് കാര്യത്തിൽ കേരളത്തിൽ അത്ഭുതകരമായ കാര്യങ്ങളാണ് നടക്കുന്നത് എന്ന് സുപ്രീംകോടതി നിരീക്ഷിക്കാനിടയായ സാഹചര്യം എന്തൊക്കെയാണെന്ന് പരിശോധിക്കുകയുണ്ടായോ;

(ഇ) മദ്യ വർജ്ജനത്തിന് സഹായകരമായ ഒരു മദ്യനയത്തിന് രൂപം നൽകുമോ?

<u>ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ</u>

*10. ശ്രീ.ഹൈബി ഈഡൻ

,, എം.എ. വാഹീദ്

,, ഐ.സി.ബാലകൃഷ്ണൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ഊരുകളുടെ ഉന്നമനത്തിന് "ഊരിനുണർവ് കാടിനുണർവ് പദ്ധതി", പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ബാർ കോഴക്കേസ് അന്വേഷണം</u>

*11. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, കെ.കെ.ജയചന്ദ്രൻ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) വിജിലൻസ് നടത്തിയ ക്വിക് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട നടപടികൾ വെളിപ്പെടുത്താമോ;

(സി) കോഴ നൽകിയതായും ബാറുകാരിൽ നിന്ന് പണം സ്വരൂപിച്ചതായും ഇടപാടുകൾ നടത്തിയതായതുമെല്ലാം സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്ന് ഇതിനകം പുറത്തുവന്ന വെളിപ്പെടുത്തലുകൾ വിജിലൻസ് സംഘം ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരെയെല്ലാം പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും തുടർ അന്വേഷണത്തിന്റെ ഭാഗമായി ആരെല്ലാം പ്രതികളായിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) അന്വേഷണം ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘത്തിന്റെ നേതൃത്വത്തിലാണ് ആരംഭിച്ചതെന്നും അന്വേഷണ ചുമതലയിൽ നിന്നും പിന്നീട് ഒഴിവാക്കപ്പെട്ടവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എഫ്) എന്തെല്ലാം ആവശ്യങ്ങളെ മുൻനിർത്തി, ആർക്കെല്ലാം ഏതെല്ലാം ഘട്ടങ്ങളിലായി എത്ര കോടി രൂപ കോഴ നൽകിയതായിട്ടാണ് ഇതിനകം വെളിപ്പെടുത്തലുകൾ ഉണ്ടായിരിക്കുന്നതെന്നു വ്യക്തമാക്കാമോ?

<u>ബാർകോഴ കേസന്വേഷണം</u>

*12. ശ്രീ.എം.ചന്ദ്രൻ

,, ജി.സുധാകരൻ

,, സി.കൃഷ്ണൻ

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയതാണ് അന്വേഷണസംഘം; കുറ്റവാളികളായി രേഖാമൂലം ആരോപിതരായ ഏതെല്ലാം മന്ത്രിമാർ തൽസ്ഥാനങ്ങളിൽ ഇപ്പോഴും തുടരുന്നുണ്ട്;

(ബി) ബാർ ഉടമകളിൽ നിന്ന് പിരിച്ചെടുത്തതായി പറയപ്പെടുന്ന തുക എത്രയാണെന്ന് കണ്ടെത്തുകയുണ്ടായോ; ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നതും അല്ലാത്തതുമായ രേഖകളെല്ലാം അന്വേഷണസംഘം കസ്റ്റഡിയിലെടുത്തിട്ടുണ്ടോ;

(സി) ഇതിനകം ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി; അവശേഷിക്കുന്നവർ എത്ര; ഏതെല്ലാം കേന്ദ്രങ്ങൾ റെയ്ഡ് നടത്തി രേഖകൾ കൈവശപ്പെടുത്തുകയുണ്ടായി;

(ഡി) ആർക്കെല്ലാം എതിരായിട്ടാണ് ഇതിനകം കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; ഇതിൽ എത്ര മന്ത്രിമാരുണ്ട്; പ്രാഥമിക പരിശോധനയിൽ ആർക്കെല്ലാമെതിരെ, എന്തെല്ലാം തെളിവുകൾ ശേഖരിക്കപ്പെട്ടിരുന്നു;

(ഇ) അന്വേഷണത്തിനിടയിൽ കോഴപ്പണം വാങ്ങിയവരും കൊടുത്തവരും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കിയതായ ആക്ഷേപം അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ?

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

*13. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, പി.ഉബൈദുള്ള

,, സി.മമ്മൂട്ടി

,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണിക്കപ്പെട്ടതെന്ന് വിശദമാക്കുമോ;

(ബി) ഗുരുതര പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ അംഗീകൃത ട്രേഡ് യൂണിയനുകളുടെ ഭാഗത്തുനിന്നും എന്തൊക്കെ വിട്ടുവീഴ്ചാ നിർദ്ദേശങ്ങൾ ഉണ്ടായി എന്നു വ്യക്തമാക്കുമോ;

(സി) പ്രശ്നപരിഹാരത്തിനു മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഉരുത്തിരിഞ്ഞ പ്രായോഗിക നിർദ്ദേശങ്ങളുടെ നടപ്പാക്കൽ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള മോണിറ്ററിംഗ് സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

## വനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണം

*14. ശ്രീ.പി.സി വിഷ്ണുനാഥ്

,, ആർ . സെൽവരാജ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാം. വിശദമാക്കുമോ?

## കണ്ണൂർ വിമാനത്താവളനിർമ്മാണം

*15. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, സണ്ണി ജോസഫ്

,, ഐ.സി.ബാലകൃഷ്ണൻ

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

## ഭരണരംഗത്തെ അഴിമതിയും കെടുകാര്യസ്ഥതയും

*16. ശ്രീ.എം.എ.ബേബി

,, എ. പ്രദീപ്കുമാർ

,, പി.ശ്രീരാമകൃഷ്ണൻ

,, ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിൽ അഴിമതി ആശങ്കാജനകമാം വിധം വർദ്ധിച്ചു വരുന്നതായ ആക്ഷേപതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭരണതലത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും, സംസ്ഥാനത്തിന്റെ വികസനത്തെ പിറകോട്ട് വലിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ;

(സി) മുഖ്യമന്ത്രി അറിഞ്ഞോ അറിയാതെയോ ചില അഴിമതിക്കാരെ സംരക്ഷിക്കുന്നുവെന്ന് മുൻ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ;

(ഡി) വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടേയും എണ്ണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ;

(ഇ) മേൽ സാഹചര്യത്തിൽ ഭരണതലത്തിലാകെ ഒരുമാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ രംഗത്ത് പ്രശ്നങ്ങൾ എത്രത്തോളം സങ്കീർണ്ണമാണെന്ന് അറിയാമോ; ഈ രംഗത്ത് അനുകരണീയമായ മാതൃക സൃഷ്ടിക്കാൻ തയ്യാറാകുമോ ?

<u>മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തടയാൻ നടപടി</u>

*17. ശ്രീ.പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മോയിൻ കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയ സജീവമാകുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മാഫിയകളുടെ ഭാഗമായ ഗുണ്ടകൾ നടത്തുന്ന ഗുണ്ടാപ്പിരിവും, അതെചൊല്ലിയുള്ള സംഘട്ടനങ്ങളും സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 2014 ൽ ഇതോടനുബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പോലീസിലെ ഒരു വിഭാഗം ഈ മാഫിയ സംഘങ്ങൾക്ക് ഒത്താശ ചെയ്യുന്നുണ്ടെന്ന ആരോപണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുമോ?

<u>യാത്രാബോട്ടുകളുടെ ഫിറ്റ്നസ്</u>

*18. ശ്രീ.എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാബോട്ടുകളുടെ ഫിറ്റ്നസ് പരിശോധിക്കാറുണ്ടോ ;

(ബി) ബോട്ടു ദുരന്തങ്ങളുണ്ടാകുമ്പോൾ മാത്രം സുരക്ഷാകാര്യങ്ങൾ പ്രശ്നമാകുകയും പിന്നീടത് ഉണ്ടാവാതിരിക്കുകയും ചെയ്യുന്നത് സുരക്ഷാഭീഷണിക്ക് കാരണമാകുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(സി) പീരിയോഡിക്കൽ പരിശോധനകൾ കർശനമാക്കുമോ ?

## ക്രമസമാധാന രംഗത്ത് കൈവരിച്ച നേട്ടം

*19. ശ്രീ.എം.പി.വിൻസെൻറ്

,, സി.പി.മുഹമ്മദ്

,, പാലോട് രവി

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത്, കേരളം ദേശീയതലത്തിൽ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടെയും സർവ്വേകളുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ബിയർ-വൈൻ പാർലർ ലൈസൻസ്

*20. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, സി.രവീന്ദ്രനാഥ്

,, ബി.ഡി. ദേവസ്സി

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പൂട്ടിയിരുന്ന ബാർ ഹോട്ടലുകൾക്ക് പുതുതായി ബിയർ-വൈൻ പാർലർ ലൈസൻസ് നൽകിയത് നിലവിലുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ;

(സി) പുതുതായി ബിയർ-വൈൻ പാർലർ ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണോ; ആവശ്യമുള്ളപക്ഷം പ്രസ്തുത അനുമതി ഇല്ലാതെ ഇപ്പോൾ എത്ര ബിയർ-വൈൻ പാർലറുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ബിയർ-വൈൻ പാർലറുകൾക്ക് സർക്കാർ നിയമവ്യവസ്ഥകളിൽനിന്നും

പ്രത്യേക ഇളവുകൾ നൽകുകയുണ്ടായിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം സർക്കാർ ഏറ്റെടുത്തത് ഏത് നിയമനിർമ്മാണത്തിലൂടെയാണ്; തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ഇക്കാര്യത്തിലുണ്ടായിരുന്നുവോയെന്നും വ്യക്തമാക്കാമോ?

ബാർ കോഴക്കേസ്

*21. ശ്രീ.സി.കൃഷ്ണൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എളമരം കരീം

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിൽ ഉന്നയിക്കപ്പെട്ട അഴിമതി പുറത്തുകൊണ്ടുവരാൻ വിജിലൻസ് വകുപ്പിന് സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) അന്വേഷണ ഏജൻസി കൂടുതൽ ശ്രദ്ധയോടെയും ജാഗ്രതയോടെയും അന്വേഷണം നടത്തണമെന്നും വിശ്വാസ്യത നിലനിർത്താൻ ഭയമോ പ്രീതിയോ കൂടാതെ അന്വേഷിക്കണമെന്നും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കാൻ തയ്യാറാകുമോ;

(സി) ആരോപണവിധേയരായവരെ സംരക്ഷിക്കുന്ന തരത്തിലുള്ളതായി പറയപ്പെടുന്ന പ്രസ്താവനകൾ, അന്വേഷണ ഏജൻസിയെ സ്വാധീനിക്കുന്നതായി അറിയാമോ;

(ഡി) പ്രസ്തുത കേസിൽ അന്വേഷണ ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുന്നതായി ഏതെല്ലാം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) അന്വേഷണ ഏജൻസിയുടെ മുമ്പാകെ സത്യം പറയാതിരിക്കാൻ ബാറുടമകളുടെ മേൽ ഭരണതലത്തിലുള്ളവരുടെ സമ്മർദ്ദം ഉണ്ടായതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സ്ത്രീ സുരക്ഷയ്ക്കായി നിയമ നിർമ്മാണം

*22. ശ്രീ.വർക്കല കഹാർ

,, കെ.അച്ചുതൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷാനടപടികളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ?

## സേവനാവകാശ നിയമം

*23. ശ്രീ.ലൂഡി ലൂയിസ്

,, ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമം നടപ്പാക്കിയിട്ടുള്ളത്;

(സി) എല്ലാ വകുപ്പുകളിലും പ്രസ്തുത നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമത്തിന്റെ നടപ്പാക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ;

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും, കൂടുതൽ മേഖലകൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

## ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' പദ്ധതി

*24. ശ്രീ.എം.എ. വാഹീദ്

,, ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മിഷൻ 676' ൽ ഉൾപ്പെടുത്തി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കാമോ ?

<u>പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീ സംയോജന പദ്ധതി</u>

*25. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദീ സംയോജന പദ്ധതി കേരളത്തെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള കേന്ദ്രത്തിന്റെ നീക്കം സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന്റെ കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുമോ; വ്യക്തമാക്കുമോ?

<u>പി .എസ്.സി.നിയമനം</u>

*26. ഡോ.കെ.ടി.ജലീൽ

ശ്രീ.ടി.വി.രാജേഷ്

ശ്രീമതി.കെ.കെ.ലതിക

ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടും വകുപ്പ് മേധാവികൾ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാതിരിക്കുന്നതുകൊണ്ട് നിയമനത്തിനായി കാത്തിരിക്കുന്നവരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ഒഴിവുകൾ കണക്കാക്കുന്നതിനും ഓരോ വർഷവും ഉണ്ടാവാൻ ഇടയുള്ള ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനും സാധിക്കുമോയെന്നു വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്തുകൊണ്ട് അപ്രകാരമുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുന്നില്ല; നോട്ടിഫിക്കേഷനിൽ പറഞ്ഞ ഒഴിവുകൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടും റിപ്പോർട്ടു ചെയ്യാതിരുന്ന വകുപ്പ് തലവന്മാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ഡി) പുറംവാതിൽ നിയമനങ്ങൾ നിർബാധം നടക്കുന്നതു കൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്തത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഇ) കാലാവധി ദീർഘിപ്പിച്ച കാലയളവിലും ഒരു നിയമനം പോലും നടക്കാതെ റാങ്ക് ലിസ്റ്റ് ലാപ്സായിപ്പോയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(എഫ്) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമോ ?

## ക്രിമിനൽ കേസുകളിലെ കുറ്റാരോപിതരുടെ മാധ്യമ വിചാരണ

*27. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, എൻ .എ.നെല്ലിക്കുന്ന്

,, കെ.എൻ.എ.ഖാദർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിലെ കുറ്റാരോപിതരെ സംബന്ധിച്ച് അന്വേഷണഘട്ടത്തിൽ നടത്തുന്ന മാധ്യമ വിചാരണയ്ക്കെതിരെ മനുഷ്യാവകാശ കമ്മീഷൻെറ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ നിർദ്ദേശമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇന്നു നടന്നുവരുന്ന മാധ്യമ വിചാരണ, മനുഷ്യാവകാശങ്ങളിന്മേലുള്ള കടന്നാക്രമണമെന്നതിലുപരി അപരാധികളെ രക്ഷപ്പെടുത്തുന്നതിനും നിരപരാധികളെ കുടുക്കുന്നതിനും, അന്വേഷണ ഉദ്യോഗസ്ഥരെ പരോക്ഷമായി സ്വാധീനിക്കുന്നതിനും ഇടയാക്കുന്നുണ്ടെന്നതിനാൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

## ഭരണ മികവിന് സംസ്ഥാനത്തിന് അംഗീകാരം

*28. ശ്രീ.കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>മത്സ്യത്തൊഴിലാളികളുടെ കടബാധ്യത</u>

*29. ശ്രീ.മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും പിന്നോക്കാവസ്ഥയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കടബാധ്യത എഴുതിത്തള്ളുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയ്ക്ക് ഏർപ്പെടുത്തിയിരുന്ന മോറട്ടോറിയം നീട്ടി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം</u>

*30. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധന തുറമുഖങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും എന്തൊക്കെ സഹായങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
01-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].